# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കുന്നതിന് നടപടി</u>

3353 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്ന റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം നൽകുന്നത്.; അപേക്ഷ നൽകി എത്ര ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ നൽകും; സർട്ടിഫിക്കറ്റുകൾക്ക് ഫീസ് ഈടാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കളക്ട്രേറ്റ്, ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഓഫീസുകളിലാണ് ഇനി നടപ്പാക്കാനുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>അതിവേഗ റെയിൽ കോറിഡോർ</u>

3354

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗ റെയിൽ കോറിഡോറിന്റെ ആവശ്യാർത്ഥം ലാന്റ് അക്വിസിഷൻ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള റെയിലിനോടനുബന്ധിച്ചാണോ അതിവേഗ റെയിൽ കോറിഡോറും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്; എങ്കിൽ ഏത് വശത്ത് കൂടി; വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും സ്ഥലത്ത് നിലവിലുള്ള റെയിലിന് പുറത്ത് പുതിയ റൂട്ടിൽകൂടി അതിവേഗ റെയിൽവേ കോറിഡോർ സ്ഥാപിക്കാൻ ഭൂമി അക്വയർ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അതിവേഗ റെയിൽവേ കോറിഡോറിന്റെ നിർദ്ദേശിക്കപ്പെട്ട റൂട്ട് ഏതാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ഭൂമി അക്വയർ ചെയ്യുന്നതിന് റവന്യൂ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അതിവേഗ റയിൽവേ കോറിഡോറിന് വേണ്ടി ഭൂമി അകായർ ചെയ്യാൻ നടപടി</u>

3355 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിവേഗ റയിൽവേ കോറിഡോറിന് വേണ്ടി കോഴിക്കോട് ജില്ലയിൽ പുതുതായി ഭൂമി അകായർ ചെയ്യുന്നുണ്ടോ; നിലവിലുള്ള റയിൽവേ ലൈനിനോട് അനുബന്ധിച്ചല്ലാതെ പുതിയ റൂട്ടിൽ ഭൂമി അകായർ ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത റൂട്ടിനെ സംബന്ധിച്ച് വെളിപ്പെടുത്തുമോ; ഏതെല്ലാം പഞ്ചായത്തുകളുടെ ഏതെല്ലാം വാർഡുകളിൽ കൂടിയാണ് പ്രസ്തുത റൂട്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി അകായർ ചെയ്യുന്നതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>കേന്ദ്രസംഘം സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ</u>

3356 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചയേയും കുടിവെള്ളക്ഷാമത്തേയും കുറിച്ച് പഠിക്കുവാൻ കഴിഞ്ഞവർഷം കേന്ദ്രസംഘം സന്ദർശിച്ചിരുന്നോ;

(ബി) കേന്ദ്രസംഘം ഏതെല്ലാം വരൾച്ചബാധിത പ്രദേശങ്ങൾ സന്ദർശിച്ചിരുന്നുവെന്ന് പറയാമോ;

(സി) വരൾച്ചയേയും കുടിവെള്ളക്ഷാമത്തെയും കുറിച്ച് അന്ന് സംഘം കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നിലനില്ക്കുമ്പോൾ അതിനു വിരുദ്ധമായ റിപ്പോർട്ട് അന്ന് സമർപ്പിക്കുവാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ സംസ്ഥാനത്തെത്തിയ കേന്ദ്രസംഘത്തെ വരൾച്ചയുടെയുംകുടിവെള്ളക്ഷാമത്തിന്റെയും വസ്തുനിഷ്ഠമായ സാഹചര്യം ബോധ്യപ്പെടുത്തി അർഹമായ ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം</u>

3357 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചാക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘത്തിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എപ്പോൾ ലഭിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്;

(സി) കേന്ദ്രനിർദ്ദേശപ്രകാരം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം</u>

3358 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു ടി. തോമസ്
,, സി.കെ. നാണു
ശ്രീമതി. ജമീല പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച സംബന്ധിച്ച് രൂക്ഷമായ സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വരൾച്ച സംബന്ധിച്ച് രൂക്ഷമായ സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സഹായം അഭ്യർത്ഥിക്കുന്നതിനും ഒരു അഖിലകക്ഷി നിവേദക സംഘത്തെ അയക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസം</u>

3359

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എത്ര കോടി രൂപയുടെ നഷ്ടം വരൾച്ചമൂലം സംസ്ഥാനത്ത് ഉണ്ടായതായി കേന്ദ്ര സംഘം വിലയിരുത്തി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസം</u>

3360 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വർഷത്തെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും മലപ്പുറം ജില്ലയിലെ എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസം</u>

3361 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടാൻ എത്ര തുക ഏതെല്ലാം വകുപ്പിന് അനുവദിച്ചു;

(ബി) വരൾച്ച നേരിടുവാൻ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ്

3362 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമവുമായ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നമ്പർ 117/ഐ.സി. തീയതി 04.02.2013 എന്ന ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് നൽകുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

2008 ലെ നീർത്തട തണ്ണീർത്തട നിയമം

3363 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 ലെ നീർത്തട തണ്ണീർത്തട നിയമമനുസരിച്ച് 5 സെന്റ് ഭൂമി നികത്തി വീടുവയ്ക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ ആർ.ടി.ഒ ചെയർമാനായ ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഇതിലെ അംഗങ്ങൾ; ഈ സമിതി രൂപീകരിച്ചിട്ടില്ലെങ്കിൽ എന്ന് രൂപീകരിക്കും എന്നു വ്യക്തമാക്കുമോ;

(ബി) ഈ സമിതിയുടെ യോഗം കഴിഞ്ഞ മൂന്നുമാസമായി കൂടുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ സമിതിയുടെ പരിഗണനയ്ക്ക് മാർച്ച് 30 വരെ എത്ര അപേക്ഷകൾ ജില്ലാ കൃഷി ഓഫീസറുടെ ഓഫീസിൽ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാതല സമിതിയുടെ അടുത്ത മീറ്റിംഗ് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ഇപ്പോൾ തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ മുഴുവൻ സമർപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പ്രവർത്തനം</u>

3364 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ പ്രവർത്തനങ്ങളാണ് നിലവിൽ സർക്കാർ സംസ്ഥാനത്തു ചെയ്തുവരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) കാസർകോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടപ്പാക്കുന്നത്;

(സി) പ്രസ്തുതഫണ്ടിന്റെ ഉപയോഗം മോണിറ്റർ ചെയ്യാനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(ഡി) തൂക്കുപാലം, പുഴയുടെ കരസംരക്ഷണം എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചു നടപ്പാക്കാൻ അനുമതി നൽകുന്നുണ്ടോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>കോടതിവിധി നടപ്പാക്കുന്നതിലുള്ള തടസ്സങ്ങൾ</u>

3365

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ആർ. രാജേഷ്
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള കോടതി വിധി നടപ്പാക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കമ്പനി ഹർജി നല്കിയിരുന്നോ; ഇതിൽ വിധി എന്തായിരുന്നു;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോഴഞ്ചേരി തഹസീൽദാർ നൽകിയ നോട്ടീസിലെ അപാകതകൾ ഈ രീതിയിലുള്ള വിധിയുണ്ടാകുവാൻ എത്രത്തോളം സഹായകരമായിട്ടുണ്ട്;

(ഡി) ഈ ഭൂമി ഏറ്റെടുക്കൽ നടപടിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

3366 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഫെബ്രുവരി മാസം 28-ന് പൊതുതാത്പര്യഹർജിയിൽ രണ്ടു മാസത്തിനുള്ളിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കുവാൻ കേരള ഹൈക്കോടതി ഉത്തരവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ കോടതി ഉത്തരവിട്ടത്;

(സി) പ്രസ്തുതഭൂമി സർക്കാർ ഏറ്റെടുത്താൽ ഭൂരഹിതരായ വളരെയധികം പേർക്കു ഭൂമി നൽകുവാൻ സാധിക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുതഭൂമി ഏറ്റെടുക്കുവാൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഇ) ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ, വനം, നിയമം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരുടെ യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായോ; വിശദമാക്കുമോ;

(എഫ്) ഭൂസംരക്ഷണനിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സാധിക്കു ന്നില്ലെങ്കിൽ പുതിയ നിയമം നിർമ്മിക്കാൻ പ്രസ്തുതയോഗത്തിൽ നിർദ്ദേശമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>മണൽവാരൽ നിരോധനം</u>

3367 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ നദികളിൽ മണൽവാരൽ നിരോധിച്ചു കൊണ്ട് ഏതെങ്കിലും സർക്കാർ ഉത്തരവുകളോ കോടതി വിധികളോ ഉണ്ടായിട്ടുണ്ടോ; രേഖകൾ സഹിതം വിശദാംശങ്ങൾ വ്യക്തമാക്കുമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഹാജരാക്കുമോ;

(ബി) ഇത്തരത്തിലുള്ള നിരോധനം മൂലം തൊഴിലാളികൾക്ക് തൊഴിൽനഷ്ടവും, സർക്കാരിന് സാമ്പത്തിക നഷ്ടവും നിർമ്മാണ മേഖലയ്ക്ക് വൻ പ്രതിസന്ധിയുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഈ നിരോധനം നീക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>വൈക്കം താലൂക്കിലെ മണൽഖനനം</u>

3368 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ വിവിധപ്രദേശങ്ങളിൽ കരഭൂമിയിൽനിന്നും മണൽ ഖനനം ചെയ്യുവാൻ നൽകിയിരുന്ന അനുമതി ഇപ്പോഴും നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) കരഭൂമിയിൽനിന്നും മണൽ ഖനനം ചെയ്തതിനെത്തുടർന്നുണ്ടായ കുഴികൾ ഇപ്പോഴും വിവിധസ്ഥലങ്ങളിൽ മൂടപ്പെടാതെ കിടക്കുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതിനെതിരെ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഈ മണൽക്കുഴികൾ മൂടുന്നതിനാവശ്യമായ നടപടികൾക്കു സ്ഥലമുടമകളെ നിർബ്ബന്ധിതരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തു നടപടികളാണു വകുപ്പുതലത്തിൽ കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ജില്ലാ രൂപീകരണം</u>

3369 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകൾ വിഭജിച്ചാണ് പുതിയ ജില്ലകൾ രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പുതിയ താലൂക്കുകൾ</u>

3370

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

താലൂക്ക് പുനസംഘടനയുമായി ബന്ധപ്പെട്ട കമ്മീഷൻ റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

താലൂക്ക് രൂപീകരണം

3371 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പ്രഖ്യാപനം നടത്തിയത്;

(സി) നേരത്തെ നടന്ന പഠന റിപ്പോർട്ടുകളിൽ ഒരിടത്തും പരാമർശിക്കാത്ത സ്ഥലങ്ങളിൽ താലൂക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) പുതിയ താലൂക്കുകളിൽ ഉൾപ്പെടുത്തേണ്ട പഞ്ചായത്തുകളുടെ അഭിപ്രായം ഇക്കാര്യത്തിൽ പരിഗണിക്കുമോ;

(ഇ) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തെ താലൂക്കായി ഉയർത്താതിരിക്കാൻ കാരണമെന്താണ്;

(എഫ്) ഈ ഓഫീസ് ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>താലൂക്ക് രൂപീകരണം</u>

3372 ശ്രീ. എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ പ്രഖ്യാപിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) താലൂക്ക് രൂപീകരണത്തിനായി ജനസംഖ്യ, വില്ലേജുകളുടെ എണ്ണം, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ പരിഗണിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് താലൂക്ക് പുനഃനിർണ്ണയം സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് എത്ര കമ്മീഷനുകളെ നിയോഗിച്ചിരുന്നു; റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ;

(ഡി) ഇപ്പോൾ നടത്തിയിട്ടുള്ള താലൂക്ക് രൂപീകരണം ഈ റിപ്പോർട്ടുകൾ പരിഗണിച്ചുകൊണ്ടുള്ളതായിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) പുതിയ താലൂക്ക് പ്രഖ്യാപനം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; തീരുമാനം എടുക്കുന്നതിന് മുൻപ് ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്തിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സബ് താലൂക്കുകളുടെ ശാക്തീകരണം</u>

3373 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സബ് താലൂക്കുകൾ ശാക്തീകരിക്കുന്നതിന് സർട്ടിഫിക്കറ്റുകൾ നൽകുന്നത് ഉൾപ്പെടെയുള്ള അധികാരങ്ങൾ നൽകുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

### കൊളത്തറ - ചെറുവണ്ണൂർ റോഡ്

3374 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിൽ കൊളത്തറ-ചെറുവണ്ണൂർ റോഡ് അഭിവൃദ്ധിപ്പെടുത്താൻ ഭൂമി അക്വിസിഷൻ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് അക്വിസിഷൻ പൂർത്തിയാകും;

(സി) ഈ അക്വിസിഷന് കാലതാമസം ഉണ്ടാവാൻ ആരാണുത്തരവാദി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് കേന്ദ്രീയ വിദ്യാലയത്തിനുള്ള ഭൂമി</u>

3375 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കേന്ദ്രീയ വിദ്യാലയത്തിന് സർക്കാർ എത്ര ഭൂമിയാണ് അനുവദിച്ചിരുന്നതെന്നും പാട്ടത്തുക എത്രയെന്നും അറിയിക്കാമോ?

(ബി) ഇപ്പോൾ അനുദിച്ചതിനും പുറമെ എത്രഭൂമിയാണ് വിദ്യാലയാധികൃതർ ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിന് കാരണമെന്ത്;

(സി) കേന്ദ്രീയ വിദ്യാലയാധികൃതർ ആവശ്യപ്പെട്ട അധികഭൂമിയും പാട്ടം നിരക്ക് കുറയ്ക്കലും അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന് ഉത്തരവ് ഇറക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലത്തിന് പകരമായി ഭൂമി</u>

3376 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലത്തിന് പകരമായി ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കല്ല്യാണിക്കുട്ടിയമ്മ നൽകിയ പരാതിയിൽ കൊല്ലം കലക്ട്രേറ്റിൽ നിന്നും സ്വീകരിച്ച തുടർനടപടിക്രമങ്ങൾ (എൽ.1 - 45191/2011) വിശദമാക്കുമോ.

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പരാതി ജില്ലാ കളക്ടർക്ക് മുന്നിൽ എത്തിയത് എന്നാണ്;

(സി) കല്ല്യാണിക്കുട്ടിയമ്മയിൽ നിന്നും കുടിയൊഴിക്കപ്പെട്ട വസ്തു എന്താവശ്യത്തിനാണ് വിനിയോഗിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിയൊഴിക്കപ്പെട്ട സ്ഥലത്തിന് പകരമായി കല്ല്യാണിക്കുട്ടിയമ്മക്ക് ഭൂമി ലഭ്യമാക്കാൻ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ജീവനക്കാരെ ബോധവൽക്കരിക്കാൻ നടപടി

3377 ശ്രീ. പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിനും സേവനങ്ങൾ നൽകുന്നതിലെ കാലതാമസങ്ങൾ ഒഴിവാക്കുന്നതിനും ജീവനക്കാരെ ബോധവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>താലൂക്ക് ഓഫീസുകളിൽ റെക്കോഡുകൾ സൂക്ഷിക്കുന്നതിന് സൗകര്യങ്ങൾ</u>

3378

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളിൽ റെക്കോഡുകൾ സൂക്ഷിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി താലൂക്ക് ഓഫീസിൽ റവന്യൂ റെക്കോഡുകൾ സൂക്ഷിക്കുന്നതിനായി നിലവിലുള്ള കെട്ടിടത്തിൽ ഒരു നില പണിയുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ് പ്രൊപ്പോസൽ നടപടികൾ പുരോഗമിക്കാതെ പൊതുമരാമത്ത് വകുപ്പിൽത്തന്നെ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തുടര്‍ച്ചാനുമതി ഇല്ലാത്ത ഓഫീസുകള്‍</u>

3379 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റവന്യൂ റിക്കവറി സ്പെഷ്യല്‍ തഹസീല്‍ദാറുടെ ഓഫീസുകളില്‍ തുടര്‍ച്ചാനുമതി ഇല്ലാത്ത എത്ര ഓഫീസുകളുണ്ട്; അവ ഏതെല്ലാം;

(ബി) ഇത്തരം ഓഫീസുകള്‍ക്ക് എത്രയും വേഗം തുടര്‍ച്ചാനുമതി ലഭ്യമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം മാറി നല്‍കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

3380 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ എന്നു മുതലാണ് കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത്;

(ബി) കമ്പ്യൂട്ടർവൽക്കരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) കമ്പ്യൂട്ടർവൽക്കരണത്തിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

3381 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസുകൾ പുതുക്കി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും, നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്നും അറിയിക്കുമോ;

(ബി) പരിയാരം വില്ലേജ് വിഭജിച്ച് അതിരപ്പിള്ളിയിൽ പുതിയ വില്ലേജ് ഓഫീസ് അനുവദിച്ച സാഹചര്യത്തിൽ പുതിയ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തിരുവള്ളൂർ വില്ലേജ് ഓഫീസ്</u>

3382 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തിരുവള്ളൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചൃാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിന് പ്രൊപ്പോസൽ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ടോ;

(സി) കെട്ടിടം പുതുക്കിപ്പണിയുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കംപാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലമാറ്റം</u>

3383 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ പ്രൊമോഷൻ നേടി ആലപ്പുഴയിൽ നിന്നും മറ്റു ജില്ലകളിലേക്ക് പോയവരിൽ ഇനിയും ആലപ്പുഴ ജില്ലയിലേയ്ക്ക് തിരികെ മാറ്റം ലഭിക്കേണ്ട യു.ഡി. ക്ലാർക്കുമാരുടെയും വില്ലേജ് ഓഫീസർമാരുടെയും മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റുകൾ ലഭ്യമാക്കുമോ;

(ബി) യു.ഡി. ക്ലാർക്ക്, വില്ലേജ് ഓഫീസർ, ജെ.എസ്/ഡി. റ്റി തസ്തികകളിൽപ്പെട്ടവരിൽ മറ്റു ജില്ലകളിൽ നിന്നും ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് കംപാഷണേറ്റ് ഗ്രൗണ്ടിൽ സ്വന്തം ജില്ലകളിലേയ്ക്ക് മാറ്റം അനുവദിച്ചു എന്നും അവർക്ക് മാറ്റം നൽകാൻ പരിഗണിച്ച കാരണങ്ങളും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.04.2013–ലെ മറുപടിക്ക്**

<u>വയനാട് ജില്ലയിലെ ദുരന്ത സാധ്യതാ ലഘുകരണ പരിപാടി</u>

3384 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദുരന്ത സാധ്യതാ ലഘൂകരണ പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയുടെ ഭൂപ്രകൃതിക്കനുസ്സരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അത്തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ചെങ്ങറയിൽ നിന്നുള്ളവർക്ക് അടിസ്ഥാന സൗകര്യങ്ങൾ</u>

3385 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുടിൽ കെട്ടി താമസിക്കുന്ന ചെങ്ങറയിൽ നിന്നുള്ള വർക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ആണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമി</u>

3386 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ഭൂമി വിവിധ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പാട്ടക്കരാറും എത്ര കാലത്തേയ്ക്കായിരുന്നു; എന്നാണ് ഒപ്പുവച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാട്ടക്കരാറുകൾ കാലാവധി തീർന്നശേഷവും പുതുക്കാതെ വ്യക്തികൾ/സ്ഥാപനങ്ങൾ കൈവശംവച്ചനുഭവിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യക്തികൾ; എത്ര ഏക്കർ ഭൂമി; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കരാറുകൾ റദ്ദാക്കി പ്രസ്തുത ഭൂമി സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കാമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പട്ടയ വിതരണം</u>

3387 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടയം ലഭിച്ചവരുടെ ഭൂമിയുടെ വിസ്തൃതി ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടയം നൽകിയതിൽ എത്ര ഏക്കർ സർക്കാർ ഭൂമിയുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

വേങ്ങൂർ മേഖലയിലെ പട്ടയപ്രശ്നം

3388

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ഇളമ്മാട് പഞ്ചായത്തിലെ വേങ്ങൂർ മേഖലയിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രശ്നത്തിന്റെ പരിഹാരത്തിനായി ഒരു ഔദ്യോഗിക യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പട്ടയം അനുവദിച്ച നടപടി</u>

3389 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട വില്ലേജുകളിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്നും ഇവിടങ്ങളിൽ എത്ര പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പട്ടയം ലഭ്യമാക്കാൻ നടപടി</u>

3390 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ സാംനഗർ പ്രദേശത്ത് വർഷങ്ങളായി താമസിക്കുന്നതും തെൻമല ഡാം ക്യാച്ച്മെന്റ് ഏരിയായിൽ നിന്നും ഒഴിപ്പിക്കപ്പെട്ടവരുമായവർക്ക് കൈവശരേഖ ലഭിച്ചിട്ടുണ്ട് എങ്കിലും പട്ടയം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ക്ലീയറൻസ് ലഭ്യമാക്കിയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്നു വ്യക്തമാക്കുമോ; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>ആദിവാസിഭൂമിയിലെ കാറ്റാടിപ്പാടം</u>

3391 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുസ്‌ലോൺ കമ്പനിയുടെ അട്ടപ്പാടിയിലെ കാറ്റാടിപ്പാടം എത്ര ഏക്കർ ഭൂമിയിലാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ആദിവാസി ഭൂമി ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്നും അത് തിരിച്ചു പിടിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമറിയിക്കാമോ ?

**കേരള നിയമസഭ**
**09.04.2013-ലെ മറുപടിക്ക്**

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

3392 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടി വരുമെന്ന് കണക്കെടുത്തിട്ടുണ്ടോ;

(സി) ഇങ്ങനെ കണ്ടെത്തിയ ഗുണഭോക്താക്കൾ മറ്റേതെങ്കിലും പദ്ധതി പ്രകാരം മുൻകാലത്ത് ഭൂമി ലഭിച്ചവരല്ല എന്ന കാര്യം ഉറപ്പു വരുത്തിയിട്ടുണ്ടോ; അതിനായി എന്തെല്ലാം പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് ഭൂമി</u>

3393 ശ്രീ. വി. എസ്. സുനിൽകുമാർ
,, കെ. രാജു
,, വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് മൂന്നു സെന്റ് ഭൂമി നൽകാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) വിവിധ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ഉപയോഗിക്കാതെ കിടക്കുന്നതുമായ എത്ര ഏക്കർ ഭൂമി ഗവൺമെന്റിന്റെ കൈവശമുണ്ട്, ഇത്തരം ഭൂമി വിതരണം ചെയ്യുന്നതിന് തടസ്സമുണ്ടോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് മിച്ചഭൂമി</u>

3394

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മെയ് മാസത്തിനും 2011 മെയ് മാസത്തിനും ഇടയ്ക്ക് സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ ഭൂരഹിതരായിട്ടുള്ള എത്ര പേർക്ക് ഭൂമി നൽകിയെന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരായ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നൽകുന്നതിനായി ഇപ്പോൾ എത്ര ഭൂമി ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികവർഗ്ഗക്കാരായ ഭൂരഹിതരായവർക്കു വിതരണം ചെയ്യുവാനായി ഓരോ ജില്ലയിലും കണ്ടെത്തിയിട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>റിഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി</u>

3395 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോളിസി പ്രകാരം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കലിന് റവന്യു വകുപ്പിന്റെ പ്രത്യേക ശീർഷകത്തിൽ മാത്രം തുക വകയിരുത്തിയിട്ടുണ്ടോ; എത്ര രൂപയാണ് 2011-12 ബജറ്റിൽ വകയിരുത്തിയത്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തോട്ട ഭൂമിയിൽ ഡയറി ഫാമുകൾ</u>

3396 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ട ഭൂമിയിൽ ഡയറി ഫാമുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>തോട്ടഭൂമി</u>

3397 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടഭൂമിയുടെ നിശ്ചിത ശതമാനം മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് അനുവാദം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് ഭൂപരിഷ്കരണ നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ഭൂരഹിതരുടെ പട്ടിക</u>

3398 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ഭൂരഹിതരുടെ പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഭൂരഹിതർ</u>

3399 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഭൂരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഭൂമി ലഭ്യമാക്കാനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ റവന്യൂ വകുപ്പ് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റിന് വിട്ട് കൊടുത്ത ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രസ്തുത സ്ഥലം പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി</u>

3400 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര ഭൂരഹിതരെയാണു കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇവർക്കു ഭൂമി നൽകുന്നതിന് എത്ര ഭൂമിയാണു വേണ്ടതെന്നു കണക്കാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ഭൂമി കൊല്ലം ജില്ലയിൽ ലഭ്യമാണോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി</u>

3401 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ, വർഷങ്ങളായി താമസിച്ചു വരുന്നവരുടെ അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ സ്വന്തമായി ഭൂമിയില്ലാത്ത, ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനുള്ള സർക്കാർ നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി</u>

3402 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ അധീനതയിലെ പുറമ്പോക്ക് ഭൂമി തിരിച്ചറിയുന്നതിനും. അതിന്റെ ദുരുപയോഗം തടയുന്നതിനും, അവ അളന്നു തിരിച്ച് അടയാളം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ ഭൂമിയിൽ കൈയേറ്റങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്താകെ റവന്യൂവകുപ്പിന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം നല്കാമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

റീ–സർവ്വേ പ്രവർത്തനങ്ങൾ

3403 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, ഇ. കെ. വിജയൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ റീ–സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ;

(ബി) പൈലറ്റ് പ്രോജക്റ്റ് പ്രകാരം എത്ര വില്ലേജുകളിൽ റീ–സർവ്വേ ആരംഭിച്ചു; എത്ര വില്ലേജുകളിൽ ഫീൽഡ് ജോലികൾ പൂർത്തിയായി;

(സി) റീ–സർവ്വേയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികൾ തീർപ്പാക്കി;

(ഡി) സംസ്ഥാനത്ത് റീ–സർവ്വേ എത്രകാലംകൊണ്ടു പൂർത്തിയാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

റീസർവേ നടപടികളിലെ കാലതാമസം

3404 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവേ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ എത്ര അപേക്ഷകളാണ് നെടുമങ്ങാട് താലൂക്കിൽ കെട്ടികിടക്കുന്നതെന്ന് അറിയിക്കുമോ;

(സി) സർവ്വേ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരുടെ എണ്ണം വർദ്ധിപ്പിച്ച് സർവേ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

റീസർവ്വേ പ്രകാരമുള്ള കൈവശാവകാശം

3405

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പാലോട് വില്ലേജിൽ സർവ്വേ നമ്പർ 1156/1-4, 1156/1-5-2 പ്രകാരമുള്ള വസ്തു കഴിഞ്ഞ 30 വർഷങ്ങളായി കരം അടച്ച് കൈവശം വച്ച് ആദായം അനുഭവിക്കുന്ന വ്യക്തി ആരാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വസ്തുവിന്റെ സ്കെച്ചും പ്ലാനും ലൊക്കേഷൻ മാപ്പും ലഭ്യമാക്കുമോ;

(സി) ഈ വസ്തുവിന്റെ തണ്ടപ്പേര് ആരുടെ പേർക്ക് ആണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ടിയാന്റെ പേരിൽ എത്ര സെന്റ് വസ്തു കൈവശം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) റീസർവ്വേ പ്രകാരം ഇപ്പോൾ ഈ വസ്തു കരം അടച്ച് കൈവശം വച്ച് ആദായം അനുഭവിക്കുന്ന വ്യക്തി ആരാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കയര്‍ ഉല്‍പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി</u>

3406 ശ്രീ. വി. പി. സജീന്ദ്രന്‍
,, ആര്‍. സെല്‍വരാജ്
,, എ. റ്റി. ജോര്‍ജ്ജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കയര്‍ ഉല്‍പ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കയർ ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് പദ്ധതി</u>

3407

ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കയർ സംഘങ്ങൾക്ക് മൂലധന സൗകര്യം</u>

3408 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ കയർ സംഘങ്ങൾക്ക് മൂലധനം വർദ്ധിപ്പിക്കുന്നതിന് കയർഫെഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

കയർ ഉല്പന്നങ്ങളുടെ വില സ്ഥിരതാപദ്ധതി

3409 ശ്രീ. ജി. സുധാകരൻ
,, എസ്. ശർമ്മ
,, കെ. ദാസൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർമേഖലയിൽ അനുഭവപ്പെടുന്ന തൊഴിലില്ലായ്മയും കുറഞ്ഞ വേതനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ ഉല്പന്നങ്ങളുടെ വില സ്ഥിരതാപദ്ധതി കാര്യക്ഷമതയോടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കയർതൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം</u>

3410 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം കയർതൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാൻ സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട്; തുകയൊന്നും അനുവദിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാൻ എന്തു തുക അനുവദിച്ചു; അതിൽ എത്ര തുക വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ചു; ബാക്കി എന്തു തുകയുണ്ട്;

(സി) കഴിഞ്ഞ സർക്കാർ എന്നുമുതൽ പ്രാബല്യം നൽകിയാണ് വിരമിക്കൽ ആനുകൂല്യം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്;

(ഡി) ഈ സർക്കാർ 2001 മുതൽ മുൻകാലപ്രാബല്യത്തോടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ ഈ പദ്ധതിക്കുവേണ്ടി ഈ സർക്കാർ എന്തു തുക നൽകി;

(ഇ) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര പേർക്ക് വിരമിക്കൽ ആനുകൂല്യം നൽകി; ആനുകൂല്യത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**<u>കയർസഹകരണ സംഘങ്ങളിൽ നിന്ന് പെൻഷൻപറ്റിയ ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ</u>**

3411 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പരാധീനതയുള്ള കയർ സംഘങ്ങളിൽ നിന്ന് പെൻഷൻ പറ്റിയ ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട്</u>

3412

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം കയർഫെഡ് ആലപ്പുഴ, കേരള സംസ്ഥാന കയർ വികസന ബോർഡ് എന്നീ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിരുന്നുവോ; ഇതിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെങ്കിൽ, ധനകാര്യ പരിശോധനാ വകുപ്പിന്റെ നിർദ്ദേശ പ്രകാരം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?